Reg. No. : ...............................

Name : ...................................

**I Semester M.A. Degree (C.B.S.S. Reg./Supple./Imp.)**
**Examination, October 2021**
**(2018 Admission Onwards)**
**MALAYALAM LANGUAGE AND LITERATURE**
**MAL 1C05 : Malayalam Literary Criticism**

Time : 3 Hours Max. Marks : 80

I. **ഈരണ്ടു** പുറത്തിൽ കവിയാതെ **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

1) മന:ശാസ്ത്രാധിഷ്ഠിത വിമർശനം മലയാളത്തിൽ – ചർച്ച ചെയ്ത് ലഘുകുറിപ്പ് തയ്യാറാക്കുക.

2) വി. കെ. എന്നിന്റെ ഭാഷാപ്രയോഗങ്ങളെക്കുറിച്ച് കെ. പി. അപ്പന്റെ നിലപാടുകൾ സംഗ്രഹിക്കുക.

3) മലയാള നിരൂപണ സാഹിത്യത്തിൽ സി. പി. അച്യുതമേനോന്റെ സ്ഥാനം നിർണ്ണയിച്ച് വിശദീകരിക്കുക.

4) മലയാള സാഹിത്യ വിമർശനത്തിന്റെ നവോത്ഥാനത്തിന് കേസരിയുടെ വിമർശനങ്ങൾ സഹായകമായതെങ്ങനെയെന്ന് വിലയിരുത്തുക.

5) 'കവികൾ തങ്ങൾ ജീവിച്ചിരുന്ന കാലത്തെ സാമൂഹ്യസംസ്കാരത്തിനു വേണ്ടുവോളം അടിമപ്പെട്ടിരുന്നു', മുണ്ടശ്ശേരിയുടെ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക. **(5×4=20)**

II. **നന്നാലു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

6) 'യാഥാസ്ഥിതിക സാഹിത്യത്തെയും ജീവൽസാഹിത്യത്തെയും വേർതിരിക്കുന്നത് സൗന്ദര്യബോധമല്ല' എന്ന് ഇ. എം. എസ്. വാദിക്കാൻ കാരണമെന്ത് ?

**അല്ലെങ്കിൽ**

വൈലോപ്പിള്ളിക്കവിതയെ 'കാച്ചിക്കുറുക്കിയ കവിത' എന്ന് എം. എൻ. വിജയൻ വിശേഷിപ്പിച്ചതെന്തുകൊണ്ട് ?

P.T.O.



7) മലയാള സാഹിത്യവിമർശനത്തിൽ നളിനിയുടെ അവതാരികയ്ക്കുള്ള സ്ഥാനമെന്ത് ?

**അല്ലെങ്കിൽ**

ഇടശ്ശേരിക്ക് പ്രകൃതിയോടുള്ള സമീപനം കർഷകവിവേകത്തെ അടിസ്ഥാനമാക്കിയുള്ളതാണ് – സച്ചിദാനന്ദന്റെ പൊന്നാനിയിലെ കൃഷിക്കാരൻ എന്ന ലേഖനത്തെ മുൻനിർത്തി കുറിപ്പ് തയ്യാറാക്കുക.

8) 'കുളി' എന്ന കഥയെ ദേശമംഗലം രാമകൃഷ്ണൻ പൗരസ്ത്യ സാഹിത്യസിദ്ധാന്തത്തിന്റെ വെളിച്ചത്തിൽ അപഗ്രഥിക്കുന്നതെങ്ങനെ ?

**അല്ലെങ്കിൽ**

'പരമ്പരാഗത വിമർശന പദ്ധതികളെ തിരസ്കരിച്ച നിരൂപകനാണ് കെ. പി. അപ്പൻ' – കോമാളിയുഗത്തിലെ പുരുഷ ഗോപുരങ്ങൾ എന്ന ലേഖനത്തെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

9) ചങ്ങമ്പുഴയുടെ സമാഹാരങ്ങളിൽ ഏറ്റവും പ്രാതിനിധ്യം തികഞ്ഞ സമാഹാരം 'സ്പന്ദിക്കുന്ന അസ്ഥിമാടം' ആണെന്ന് കേസരി ഏ. ബാലകൃഷ്ണപിള്ള പറയുന്നതെന്തുകൊണ്ട് ?

**അല്ലെങ്കിൽ**

'സാഹിത്യ നിരൂപകന് ശൈലീവിജ്ഞാനം ഒരു ലക്ഷ്യമല്ലെന്നും മാർഗ്ഗം മാത്രമാണെന്നുള്ള അഭിപ്രായം ആർ. വിശ്വനാഥൻ ആറ്റൂരിന്റെ മേഘരൂപൻ എന്ന കവിതയ്ക്ക് നിരൂപണം എഴുതിയപ്പോൾ പിൻതുടർന്നിട്ടുണ്ടോ?' – സമർത്ഥിക്കുക.

10) മലയാള നിരൂപണത്തിലെ വിമർശനത്രയത്തെ പരിചയപ്പെടുത്തുക.

**അല്ലെങ്കിൽ**

നിരൂപകനെന്ന നിലയിൽ കുമാരനാശാനെ വിലയിരുത്തുക. **(5×6=30)**

III. **ഓരോന്നിനും ആറു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

11) A) വികസ്വരമായികൊണ്ടിരിക്കുന്ന ഒരു ലാവണ്യശാസ്ത്രമെന്ന നിലയിൽ പാരിസ്ഥിതിക സൗന്ദര്യത്തിന്റെ പ്രസക്തിയും പ്രാധാന്യവും വിലയിരുത്തി ഉപന്യസിക്കുക.

**അല്ലെങ്കിൽ**

B) സ്ത്രീപക്ഷ നിരൂപണത്തിന്റെ സമകാലിക മുഖം പി. ഗീതയുടെ ലേഖനത്തെ മുൻനിർത്തി വിശദീകരിക്കുക.



12) A) നിഷ്പക്ഷ നിരൂപണം എന്നൊന്നില്ലെന്നും നിരൂപകന്റെ സൗന്ദര്യ പക്ഷപാതമാണ് നിരൂപണമായി തെളിയുന്നതെന്നുമുള്ള മാരാരുടെ അഭിപ്രായത്തെ 'ആശാന്റെ ലീല' എന്ന ലേഖനത്തെ മുൻനിർത്തി വിലയിരുത്തി സ്വാഭിപ്രായം രേഖപ്പെടുത്തുക.

**അല്ലെങ്കിൽ**

B) മലയാള വിമർശനത്തിലെ മാർക്സിസ്റ്റ് കലാദർശനത്തിന്റെ സ്വാധീനത പരിശോധിച്ച് ഉപന്യാസം തയ്യാറാക്കുക.

13) A) ആധുനിക നിരൂപണം വെറും 'പ്രസ്ഥാന നിരൂപണം' എന്ന നിലയിലേക്ക് ഒതുങ്ങി പോകുന്നുണ്ടോ ? സ്വമതം സ്ഥാപിച്ച് ഉപന്യാസം തയ്യാറാക്കുക.

**അല്ലെങ്കിൽ**

B) മലയാള സാഹിത്യവിമർശനത്തിന്റെ ചരിത്രവും വർത്തമാനവും സംഗ്രഹിക്കുക. **(3×10=30)**

---